PL/O9/2016

വായനാമുറ്റത്തുവച്ച് ഞാനൊരു പുതിയ സിദ്ധാന്തത്തെ ഈയിടെ കണ്ടുമുട്ടി. അതിന്റെ പേര് First Follower Theory എന്നാണ്. 2010ൽ ഡെറക് സിവേഴ്സ് എന്നയാൾ Ted Conference-ൽ (Technology, Entertainment, Design) അവതരിപ്പിച്ച തിയറിയാണിത്. അസാധാരണമായ, പൊതുജനത്തിന്റെ പരിചിതരുചികൾക്ക് പ്രത്യക്ഷത്തിൽ ചേർന്നുപോകാത്ത, അപഹാസ്യമെന്നുതന്നെ തോന്നിപ്പിക്കുന്ന, ഒരാശയം, ഒരു മുൻകൈ എടുപ്പ്, ഒരു മുന്നേറ്റമാകുന്നത് (movement), എങ്ങനെയെന്നാണ് ഈ സിദ്ധാന്തം വിശദീകരിക്കുന്നത്. ഒരാശയം ഒരു മുന്നേറ്റമായി രൂപപ്പെടുന്നതിനുള്ള ആദ്യപടി അതിന് ഒരു ആദ്യ അനുയായിയെ(First Follower)കിട്ടുക എന്നതാണ്. ഒരു മുന്നേറ്റത്തിന് ഒരു തുടക്കക്കാരനുണ്ടാവുക എന്നതുപോലെ അത്യാവശ്യകമാണ് അതിന് ഒരു ആദ്യ അനുയായിയെ കിട്ടുക എന്നതും. ഒരു ആദ്യ അനുയായിയെ കിട്ടാതെ വന്നാൽ ഏതൊരാശയവും, അതെത്ര മനോഹരമായാലും, മഹത്തരമായാലും, ചാപിള്ളയാകാനാണ് അതിന്റെ വിധി. കുറച്ച് ഒച്ചപ്പാടും ബഹളവും ഉണ്ടാക്കി ചായക്കോപ്പയിലെ കൊടുങ്കാറ്റുപോലെ അത് കെട്ടടങ്ങും.

ഒന്നാമനാകുന്നതിന്റെ മേന്മ മഹത്വവത്ക്കരിക്കപ്പെട്ടിരിക്കുന്ന ലോകമാണ് നമ്മുടെ മുന്നിലുള്ളത്. പിന്നാലെയെത്തുകയെന്നത് കഴിവുകേടായി പരിഗണിക്കപ്പെടുന്നു. മത്സരക്കളത്തിൽ ഒന്നാം സമ്മാനം കിട്ടത്തക്കവിധം ഓടാനാണ് വി.പൗലോസുപോലും പറയുന്നത് (1കോറി 9:24). ആമസോൺ ഡോട്ട്കോമിന്റെ ലിസ്റ്റിൽ "നേതൃത്വ"ത്തെക്കുറിച്ച് 59000–ൽ പരം പുസ്തകങ്ങളുണ്ട്. അനുയായികളെക്കുറിച്ചു പറഞ്ഞു തരാൻ കുറച്ചു പുസ്തകങ്ങളേയുള്ളൂ. എന്നാൽ മുൻപറഞ്ഞ ആദ്യ അനുയായി സിദ്ധാന്തപ്രകാരം രണ്ടാം സ്ഥാനക്കാരൻ–ആദ്യ അനുയായി–വളരെ പ്രധാനപ്പെട്ട ആളാണ്. അനുയായി വെറുമൊരു "കുഞ്ഞാടല്ല!" നേതാവിനു വേണ്ട ബുദ്ധിയും പ്രാപ്തിയും ലക്ഷ്യബോധവുമെല്ലാം ഏതാണ്ട് അതേ അളവിൽത്തന്നെ ആദ്യ അനുയായിലും വേണം. അപ്പോഴേ നേതാവിന് പ്രസക്തനായി നിലനില്ക്കാൻ സാധിക്കൂ. ശക്തനും പ്രാപ്തനുമായ അനുയായിയാണ് നേതാവിനെ നിലനിർത്തുന്നത്.

പുതിയൊരു കാര്യത്തിന്റെ മുമ്പിൽ, രൂപപ്പെട്ടു വരുന്ന ഒരു "സംഭവ"ത്തിനു മുമ്പിൽ, വെറും കാഴ്ച്ചക്കാരനായി നിൽക്കുക എന്നതാണ് മനുഷ്യരുടെ സാധാരണ പ്രതികരണം. ഇടപെടാതെ കണ്ടുനില്ക്കുക എന്ന ആദ്യ സമീപനത്തിൽനിന്ന് അടുത്തുചെല്ലാനും രൂപപ്പെട്ടു വരുന്നതിന്റെ ഭാഗമാകാനും സമയം എടുക്കും. മനസ്സിന്റെ ഗ്രഹണവും തദനുസാരമായ പ്രതികരണവും എന്നതിനു പകരം "ഛായാഗ്രഹണം" നടപ്പുരീതിയായിരിക്കുന്ന "സെൽഫി"യുടെ കാലഘട്ടത്തിലും ഇതേ സംഭവിക്കുന്നുള്ളൂ. "ആരാദ്യം?" എന്ന പ്രതിസന്ധി മറികടന്നാലേ ഇടപെടൽ നടക്കൂ. "ഞാനാദ്യം" എന്ന് ഒരാൾ തീരുമാനിക്കുമ്പോഴാണ് മറ്റുള്ളവരുടെ അറച്ചുനില്പ് മാറുന്നത്. Genovese Syndrome, By Stander Effect എന്നൊക്കെ വിളിക്കുന്ന കാണിമാത്രനില മറികടന്ന് ഒരാൾ കടന്നുവരുന്നു. പിന്നെ ഒരാൾ... അങ്ങനെ, അങ്ങനെ... ഏതു മുന്നേറ്റത്തിന്റെയും കാലഗതി ഇങ്ങനെയാണ്.

ആരംഭത്തിൽ അബദ്ധമായിത്തോന്നിയത് പിന്നെ ആചാരമായും പിന്നാലെ ശാസ്ത്രമായും മാറുന്നത് ഇപ്രകാരമാണ്. തുടക്കക്കാരൻ പറയുന്ന കാര്യം, ചെയ്യുന്ന കാര്യം, മാനുഷികമായി സാധ്യമാണ് എന്ന ധാരണയുണ്ടാവുന്നത് അനുകരിക്കാൻ ഒരാൾ കടന്നുവരുമ്പോഴാണ്. ഒരാശയം വിശ്വാസ്യത നേടുന്നത് ആദ്യത്തെ അനുയായിയുടെ ആവിർഭാവത്തോടെയാണ്. അനുഭവതലത്തിൽ അപ്പോൾ, ആദ്യത്തെ അനുയായിയാണ് നേതാവിനെ സൃഷ്ടിക്കുന്നതെന്ന് പറയേണ്ടി വരും. അനുയായികളില്ലെങ്കിൽ നേതൃത്വം സംഭവിക്കുന്നില്ല.

വിപണിയിലെ മാർക്കറ്റിങ്ങ് രംഗത്ത് വ്യാപകമായി ഉപയോഗിക്കുന്ന സിദ്ധാന്തമാണ് ആദ്യ അനുയായി സിദ്ധാന്തം. പ്രസിദ്ധരെ ഉപയോഗിച്ച് ഉല്പന്നത്തിന്റെ വിപണനസാധ്യതയെ വർദ്ധിപ്പിക്കുന്നത് ഇന്നത്തെ പ്രത്യേകതയാണല്ലോ. കമ്പനികൾ ഇവരെ ബ്രാൻഡ് അംബാസഡർമാരാക്കുന്നു. ഉല്പന്നത്തിന്റെ മേന്മ ഉറപ്പുവരുത്തുന്നതിവരാണ്. ഇവരെ വിശ്വസിച്ച് ആളുകൾ ഉല്പന്നങ്ങൾ വാങ്ങുന്നു. പലരും കബളിക്കപ്പെടുന്നണ്ട്. ഉപഭോക്താവിനുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ കമ്പനിക്കൊപ്പം ബ്രാൻഡ് അംബാസഡറെയും ഉത്തരവാദിയാക്കുന്ന വിധികൾ വരാൻ തുടങ്ങിയിട്ടണ്ട എന്നത് ഈ രംഗത്തെ തിരിച്ചറിവിന്റെ ലക്ഷണമാണ്.

അറിവ് അധികാരമാണ്; അറിവ് സമ്പത്താണ്. പക്ഷേ, പണ്ടത്തേപ്പോലെ അറിവിന്റെ കുത്തകവത്കരണം ഇന്നു സാധ്യമല്ല. മുന്നേറ്റത്തിന്റെ അറിവുകൾ മുഴുവൻ നേതാവിൽ കേന്ദ്രീകരിക്കുക എന്നത് ഇന്നത്തെ രീതിയല്ല; നടപ്പുള്ള കാര്യവുമല്ല. അറിവിന്റെ കുന്നുകൾ ഇടിയുകയും താഴ്വരകൾ നിരത്തപ്പെടുകയും ചെയ്യുന്ന സംഭവങ്ങളാണ് ചുറ്റും കാണുന്നത്. അടച്ചുറപ്പ് കാര്യമായി ഇല്ലാത്ത സമതലങ്ങൾ എല്ലായിടത്തും രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. എസ്.എച്ച്.ജീകളുടെ ആവിർഭാവത്തോടെ സ്വയം ശാസിത സംഘങ്ങൾ ധാരാളമായി ഉയർന്നുവരുന്നുണ്ട്. പരമ്പരാഗതനേതൃത്വശൈലിതന്നെ മാറ്റത്തിനു വിധേയമാകുകയാണ്. ഇന്റർനെറ്റിന്റെ വരവോടെ അറിവിലെ പങ്കാളിത്തം വികസിച്ചുകൊണ്ടിരിക്കുന്നു. നേതൃത്വം ഒരു പ്രസ്ഥാനത്തെ സമർത്ഥമായിനയിക്കുന്നുവെന്നതുകൊണ്ടുമാത്രം ആ പ്രസ്ഥാനം വിജയകരമായ ഒന്നായിരിക്കണമെന്നില്ല. അനുയായികൾ എത്ര നല്ല അനുകർത്താക്കളാകുന്നു എന്നതും വിജയത്തെ നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഘടകമാണ്.

ആദ്യ അനുയായിയുടെ പിന്നാലെ മറ്റനുയായികൾ വന്നുചേർന്ന് ആകർഷകമായ മുന്നേറ്റമായി ഒരു പ്രസ്ഥാനം തീരുന്നതോടെ ഇതിൽ നിന്ന് അകലം പാലിച്ചുനില്ക്കുക എന്നതാവും അസാധാരണമായ കാര്യം. കടുത്ത ആന്തരികസമ്മർദ്ദമുണ്ടാക്കുന്ന സാമൂഹികാവസ്ഥയാണിത്. അത്യവശ്യം വേണ്ട ബോധ്യമില്ലാത്തവരുടെ, എന്നാൽ, പുറത്ത് ഒറ്റപ്പെട്ടുനില്ക്കാൻ ധൈര്യമില്ലാത്തവരുടെ അംഗത്വമെടുപ്പിന് വഴിയൊരുങ്ങുന്നത് അപ്പോഴാണ്. “വെള്ളത്തിൽ പൂട്ടാനും,” “കൂട്ടത്തിൽ പാടാനും” ആൾക്കാരുണ്ടാവുന്നു. ഇത് അപകടമാണെന്ന തിരിച്ചറിവില്ലാത്ത മുന്നേറ്റങ്ങൾ ആന്തരികമായി ദ്രവിച്ചുതുടങ്ങും. യേശുമാർഗ്ഗം ഒരു മുന്നേറ്റമായപ്പോൾ, എല്ലാ മനുഷ്യരുടെയും സംപ്രീതിക്ക് (അപ്പ.2:47) അതു പാത്രമാകാൻ തുടങ്ങിയപ്പോൾ, അനനിയാസിനും സഫീറയ്ക്കും പുറത്തുനില്ക്കാൻ പറ്റിയില്ല! അവർ ശിഷ്യഗണത്തിലെത്തി! ഇത്തരം കളകളെ തക്കസമയത്ത് പിഴുതെറിയാൻ കഴിഞ്ഞതുകൊണ്ടാണ് യേശുമാർഗ്ഗത്തിന് മുന്നേറ്റം തുടരാനായത്.

യുഗാന്ത്യപൂർണ്ണത ലക്ഷ്യമിട്ട് മുന്നോട്ടുനീങ്ങുന്ന യേശുവിൽ ആരംഭം കുറിച്ച, ഒരു തീർത്ഥാടകസമൂഹമാണ് സഭ. സഭ ഒരു മുന്നേറ്റമാണ്. ആദ്യഅനുയായിസിദ്ധാന്തം

സഭയുടെ ആരംഭത്തിലും, പിന്നെ ഇപ്പോഴും, എത്ര മാത്രം പ്രസക്തം എന്നു ചിന്തിക്കുന്നത് കൗതുകത്തിനപ്പുറം പ്രധാന്യമുള്ള കാര്യമാണ്. ആരായിരുന്നു ക്രിസ്തുവിന്റെ ആദ്യ അനുയായി? നാലു സുവിഷേകരും യേശുവിന്റെ ആദ്യ ശിഷ്യന്മാരെക്കുറിച്ച് പരാമർശിക്കുന്നുണ്ട് (മത്തായി 4:18–22; മർക്കോ 1:16–20; ലൂക്കാ 5:1–11; യോഹ 1:35–51). മത്തായിയും മർക്കോസും ആദ്യശിഷ്യന്മാരായി 4 പേരെ–അന്ത്രയോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ–അവതരിപ്പിക്കുന്നു. ലൂക്കായുടെ വിവരണത്തിൽ അന്ത്രയോസിനെക്കുറിച്ച് പരാമർശമില്ല. യോഹന്നാന്റെ സുവിശേഷപ്രകാരം അന്ത്രയോസും പേരു പറഞ്ഞിട്ടില്ലാത്ത മറ്റൊരു ശിഷ്യനുമാണ് സ്നാപകയോഹന്നാന്റെ സംഘത്തിൽനിന്നും യേശുവിന്റെ കൂടാരത്തിൽ അന്തിതാമസത്തിനുപോകുന്നത്. "കൂടെയായിരിക്കുക" എന്നത് ശിഷ്യന്റെ ആദ്യലക്ഷണമായിരിക്കേ, നാലു സുവിശേഷഭാഗങ്ങളെയും കണക്കിലെടുക്കുമ്പോൾപോലും, അന്ത്രയോസിനെ ആദ്യ ശിഷ്യനായി, ആദ്യ അനുയായിയായി, പരിഗണിക്കുന്നതിൽ അപാകത തോന്നുന്നില്ല. യേശുവിനോടൊപ്പമുള്ള രാത്രിവാസത്തിനുശേഷം "അയയ്ക്കപ്പെട്ടവനെ"പ്പോലെയാണ് അന്ത്രയോസ് വന്ന് സഹോദരൻ ശിമയോനോട് പറയുന്നത്: ഞങ്ങൾ രക്ഷകനെ കണ്ടുവെന്ന്! ശിമയോനെ യേശുവിന്റെയടുത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നതും അന്ത്രയോസ് തന്നെ. Protokletos ("First Called") എന്നൊരു പേരും അന്ത്രയോസിനുണ്ടെന്നതും ഓർക്കണം. സുവിശേഷങ്ങൾ അപ്പോസ്തലന്മാരുടെ പേരുവിവരം നൽകുമ്പോൾ യേശുതന്നെ തലവനായി നിയമിച്ച പത്രോസിനുശേഷം പരാമർശിക്കുന്ന നാമം അന്ത്രയോസിന്റേതാണ് (മത്താ. 10:1–4).

കത്തോലിക്കാ സഭയുടെ അദൃശ്യതലവൻ, തുടക്കക്കാരൻ, യേശുക്രിസ്തുവാണ്. സഭയുടെ ഹയരാർക്കിക്കൽ ഘടനയിലെ വിവിധ ശുശ്രൂഷാശ്രേണിയിലുള്ള മാർപാപ്പാ മുതൽ നമ്മൾ വരെയുള്ള വിശ്വാസികളെല്ലാം "എന്നെ അനുഗമിക്കുക" എന്ന വിളി പിഞ്ചെല്ലുന്നവരാണ്. കുരിശിന്റെ വഴിയാണ് അവിടുത്തേത് എന്നറിഞ്ഞുകൊണ്ടാണ് നമ്മുടെ വഴിനടത്തം. ശിഷ്യത്വം ദുഷ്കരമായ ഒരു കാര്യമായി അവതരിപ്പിക്കപ്പെട്ടപ്പോൾ അനേകർ അവിടുത്തെ വിട്ടുപോയകാര്യം വി.യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളത് നമ്മൾ വായിച്ചിട്ടുള്ളതാണ്. കേൾക്കാൻ സുഖമുള്ള കാര്യങ്ങൾ പറഞ്ഞ് മനുഷ്യരെ കൂടെ നിർത്താൻ അവിടുന്നു ശ്രമിക്കാഞ്ഞിട്ടും ലോകത്തിലെ ഏറ്റവും വലിയ അനുയായീവൃന്ദമുള്ളത് യേശുവിനാണെന്ന കാര്യം നമ്മളെ പിടിച്ചുനിൽക്കാൻ പ്രേരിപ്പിക്കുന്നു.

നിയമജ്ഞർ പഠിപ്പിച്ച മോശയെയും പ്രവാചകന്മാരെയും തന്നെയാണ് യേശുവും പഠിപ്പിച്ചത്. പക്ഷേ, കാലപ്രവാഹത്തിൽ അർത്ഥം തേഞ്ഞ് വെറും അനുഷ്ഠാനമായിതീർന്ന കാര്യങ്ങൾക്ക് അർത്ഥഗരിമ നൽകാൻ അവിടുന്നു ശ്രദ്ധിച്ചു. തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൊടുക്കൽ, കൈകാൽകഴുകൽ, പാനപാത്രങ്ങളുടെ ക്ഷാളനം എന്നിവയേക്കാൾ രക്ഷയ്ക്കുവേണ്ട വേറെ കാര്യങ്ങളുണ്ടെന്ന് ആധികാരികമായി അവിടുന്നു പഠിപ്പിച്ചു. തന്റെ മഹത്വമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ മഹത്വമാണ് അവിടുന്ന് അന്വേഷിച്ചത്. യേശുവിന്റെ പ്രസംഗത്തെയും അവിടുത്തെ ജീവിതത്തെയും കുറിച്ച് ചെറിയൊരുപമ പറഞ്ഞാൽ: പ്രബോധനം ഇടിവെട്ടുപോലെ. ജീവിതം അതിനുമുമ്പുള്ള മിന്നൽ പോലെയും. സെന്റ് ബേസിലിനെക്കുറിച്ച് ഗ്രിഗറി നസിയാൻസൻപറഞ്ഞ ഉപമയാണിത്. alter christus എന്നു വിളിപ്പേരുള്ള പുരോഹിതന്മാരിൽനിന്ന് കർത്താവും അവിടുത്തെ ജനവും പ്രതീക്ഷിക്കുന്നത് ഇത്തരം പ്രതിഫലനമാവും.

നമ്മളായിരിക്കുന്ന പ്രദേശത്തെ ക്രിസ്തുവിന്റെ ആദ്യ അനുയായി നമ്മളാണ്. ക്രിസ്തുവിനു സ്വീകാര്യത, പ്രസക്തി നമ്മിലൂടെയാണുണ്ടാകുന്നത്! ഉയർന്ന പീഠത്തിൽ

സ്ഥാപിച്ചിരിക്കുന്ന കത്തിച്ച വിളക്കിനോട് ശിഷ്യനെ യേശു ഉപമിച്ചിട്ടുണ്ട്. എല്ലാവർക്കും ജീവനുണ്ടാകാനും അത് സമൃദ്ധമായ് ഉണ്ടാകാനുമുള്ളതായിരുന്നു യേശുവിന്റെ ജനനവും ജീവിതവും മരണവും ഉത്ഥാനവുമെല്ലാം. സഹോദരനുവേണ്ടി ജീവൻ അർപ്പിക്കുന്ന ശുശ്രൂഷയിലാണ് വൈദികൻ ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതം ഈ ദിശയലാവുന്നില്ലെങ്കിൽ ആദ്യത്തെ അനുയായി എന്ന നമ്മുടെ സ്ഥാനം വിരുദ്ധോക്തിയാവും. അനേകർക്കു വഴിതടസ്സമായാവും അപ്പോൾ നമ്മുടെ നിൽപ്പ്. "ഇതാ ഞാൻ, ഇടയന്മാർക്കെതിരാണ്. എന്റെ ആടുകൾക്കു ഞാൻ അവരോടു കണക്കുചോദിക്കും" എന്ന പ്രവാചകവചനം (എസെ. 34:10) നമുക്കെതിരേ മുഴങ്ങിയെന്നിരിക്കും. "അവരുടെ മേയ്ക്കലിനു ഞാൻ അറുതിവരുത്തും. ഇനിമേൽ ഇടയന്മാർ തങ്ങളെത്തന്നെ പോറ്റുകയില്ല. എന്റെ ആടുകൾ അവർക്കു ഭക്ഷണമായിത്തീരാതിരിക്കാൻ ഞാനവയെ അവരുടെ വായിൽനിന്നു രക്ഷിക്കും" എന്നാണ് ബാക്കിയുള്ള വചനഭാഗം. നല്ല മേച്ചിൽ സ്ഥലമായി നമ്മുടെ പ്രവർത്തനമേഖലയെ നാം മാറ്റിയെടുത്താലും ചില പ്രശ്നങ്ങൾ ബാക്കിനിൽക്കാമെന്ന മുന്നറിവ് എസെക്കിയേൽ പ്രവാചകൻ നൽകുന്നത് ശ്രദ്ധിക്കുക: "ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ അജഗണമേ, ആടിനും ആടിനും മധ്യേയും മുട്ടാടിനും കോലാടിനും മധ്യേയും ഞാൻ വിധി നടത്തും. നല്ല മേച്ചിൽ സ്ഥലത്തു നിങ്ങൾക്കുമേഞ്ഞാൽ പോരേ? മിച്ചമുള്ള പുൽത്തകിടി ചവിട്ടിത്തേച്ചുകളയണമോ? ശുദ്ധജലം കുടിച്ചാൽപോരേ, ശേഷമുള്ള ജലമെല്ലാം ചവിട്ടിക്കലക്കണമോ?"(34:17-18).

ശിഷ്യവഴിയിൽ മുന്നേ നടക്കുന്ന നമ്മളെ ദാസന്മാരായല്ല, സ്നേഹിതന്മാരായാണ് യേശു കണക്കാക്കുന്നത്. യജമാനൻ ചെയ്യുന്നതെന്തും അറിയുന്നതെന്തും മനസ്സിലാക്കുന്ന സ്നേഹിതപദവിയിലേക്കാണ് യേശു നമ്മളെ ഉയർത്തിയിരിക്കുന്നത്. നേതൃത്വശൈലിയിൽ ആധുനികകാലത്തു വന്നുകൊണ്ടിരിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ച് നമുക്ക് അവബോധമുണ്ടാകേണ്ടതുണ്ട്. എല്ലാമറിയുകയും എല്ലാം തനിയേ ചെയ്യുകയും ചെയ്യുക ഇന്ന് സ്വീകാര്യമായ രീതിയല്ല. രാവിലെ മുതൽ വൈകുന്നേരം വരെ ദൈവഹിതമറിയാനും തർക്കങ്ങൾ തീർത്തുകിട്ടാനും ജനം മോശയ്ക്കുചുറ്റും കൂടി നിൽക്കുമായിരുന്നു. ഇത് കണ്ട് അമ്മായിഅപ്പനായ ജെത്രോ മോശയോടു പറഞ്ഞു: "നീ ചെയ്യുന്നത് ശരിയല്ല. നീയും നിന്റെ കൂടെയുള്ള ജനങ്ങളും ക്ഷീണിച്ചുവിവശരാകും. ഇത് ഭാരമേറിയ ജോലിയാണ്. തനിയേ ഇതു ചെയ്യാൻ നിനക്കു സാധിക്കുകയില്ല"(പുറ. 18:17-18). കഴിവും ദൈവഭയവുമുള്ളവരും സത്യസന്ധരും കൈക്കൂലി വെറുക്കുന്നവരുമായ ആളുകളെ ജനത്തിൽ നിന്നു തെരഞ്ഞെടുത്ത് അവരെ പല തട്ടിലുള്ള അധിപന്മാരാക്കാനാണ് അദ്ദേഹം ഉപദേശിച്ചത്. "ചെറിയ കാര്യങ്ങൾ അവർ തന്നെ തീരുമാനിക്കുകയും വലിയ കാര്യങ്ങൾ നിന്നെ ഏൽപിക്കയും ചെയ്യട്ടെ" എന്നാണ് ജെത്രോ നിർദ്ദേശിച്ച പ്രതിവിധി. നേതൃത്വത്തിന്റെ പങ്കാളിത്തമനോഭാവമാണ് ഇത്. "എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്" എന്ന യേശുവചനം അപ്പോഴാണ് സാർത്ഥകമാകുന്നത്. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന് ഓരോരുത്തനും എല്ലാവരും ഓരോരുത്തനോടും എല്ലാവരോടും പറയാൻ പറ്റുന്നതിനെക്കുറിച്ച് ഒന്ന് ഓർത്തുനോക്കൂ! ജീവിതം കുരിശിന്റെ വഴി തന്നെ. എങ്കിലും അതിനെ ഒരു ഭാരദ്വഹന മൽസരമായി മാറ്റേണ്ടതില്ലല്ലോ. "ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി" എന്നു കരുതാം.

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ